(ഡി) ധനവകുപ്പിന്റെ 12-1-2004-ലെ 26-ാം നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാവുന്നതാണ്.

വ്യാജ മുദ്രപത്രവുമായി ബന്ധപ്പെട്ട കേസ്

37 [1044] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ മുദ്രപത്ര കുംഭകോണവുമായി ബന്ധപ്പെട്ട കേസിൽ കേരളത്തിൽ കണ്ണികൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) വ്യാജ മുദ്രപത്രം ഉപയോഗിച്ച് കേരളത്തിൽ രജിസ്ട്രേഷൻ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) സി.ബി.ഐ. മുഖാന്തിരം അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

(സി, ഡി) സംസ്ഥാനത്ത് വ്യാജ മുദ്രപത്രം തിരിച്ചറിയുന്നതിനുള്ള സംവിധാനം നിലവിലില്ലാത്തതിനാൽ, ഇതേക്കുറിച്ച് പഠനം നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ ഒരു സംഘത്തെ നാസിക്കിലേയും, ഹൈദരാബാദിലേയും മുദ്രപത്രം അച്ചടിക്കുന്ന സെക്യൂരിറ്റി പ്രസ്സിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കേടായ മുദ്രപത്രത്തിന്റെ പേരിൽ റീഫണ്ട് ചെയ്ത തുക

38 [1045] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എഴുകോൺ നാരായണൻ:
,, എം. പി. ഗംഗാധരൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുദ്രപത്രങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തവിധം കേടായതിന്റെ പേരിൽ ഇക്കഴിഞ്ഞ രണ്ടു വർഷത്തിനകം എന്തു തുക റീഫണ്ട് ചെയ്തിട്ടുണ്ട്;

(ബി) ഇക്കാലത്ത് ഈ അടിസ്ഥാനത്തിൽ എന്തു തുകയ്ക്കുള്ള മുദ്രപത്രം പകരം കൊടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കാലഘട്ടത്തിൽ എത്ര വെണ്ടർമാർ ഈ ആവശ്യം ഉന്നയിച്ചു കൊണ്ടുള്ള അപേക്ഷ സമർപ്പിച്ചു; ഈ കാലഘട്ടത്തിൽ ഇത്തരത്തിൽ കിട്ടിയ അപേക്ഷകളുടെ എണ്ണം ഇതിനുമുമ്പുള്ള സമാന കാലഘട്ടത്തിൽ കിട്ടിയ അപേക്ഷകളേക്കാൾ കൂടുതലായിരുന്നുവോ;

(ഡി) എങ്കിൽ എത്രകണ്ട് കൂടുതലായിരുന്നു; അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3,80,47,260 (മൂന്നു കോടി എൺപത് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി ഇരുന്നൂറ്റി അറുപത്) രൂപ നൽകിയിട്ടുണ്ട്.

(ബി) കേടായ മുദ്രപത്രത്തിന് പകരം മുദ്രപത്രം നൽകിയിട്ടില്ല. റീഫണ്ടാണ് നൽകുന്നത്.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

സ്റ്റാമ്പ് വെണ്ടർമാരുടെ അനധികൃതമായുള്ള നിയമനം

39 [1046] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, കെ. എ. ചന്ദ്രൻ:
,, എ. സുജനപാൽ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സ്റ്റാമ്പ് വെണ്ടർമാരെ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) അവരെ നിയമിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ്;

(സി) അനധികൃതമായി പുതിയ സ്റ്റാമ്പ് വെണ്ടർ നിയമനം നടത്തുന്ന നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആരാണ് നിവേദനം നൽകിയത്; നിവേദനത്തിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) അനധികൃത സ്റ്റാമ്പ് വെണ്ടർ നിയമനം നിർത്തിവയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ആയതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായുള്ള ജില്ലാതല കമ്മിറ്റിയാണ് വെണ്ടർ നിയമനത്തിനുള്ള അപേക്ഷ പരിഗണിച്ച് ജില്ലാ ട്രഷറി ഓഫീസർ വെണ്ടർ ലൈസൻസ് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly